1. വി.ജി. സുകുമാരൻ:

വി.ജി. സുകുമാരനും, അയാളുടെ ഭാര്യയും ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഹൈക്കോടതിയുടെ സി.ആർ.പി. 35/77 എന്ന കേസ്സിലെ വിധിപ്രകാരം ഒരു സീലിംഗ് കേസ്സിൽ സ്റ്റേറ്റ്മെന്റ് സമർപ്പിച്ച് കക്ഷി മരിച്ചുപോയാൽ മേൽ നടപടികൾ തുടർന്നു നടത്തുവാൻ നിർവാഹമില്ല. അതുകൊണ്ട് വി.ജി. സുകുമാരന്റെ കേസ്സിൻമേൽ നടപടികൾ തുടർന്നു നടത്തുവാൻ നിർവ്വാഹമില്ലാതിരിക്കുകയാണ്. മേപ്പടി ഹൈക്കോടതി വിധി സൃഷ്ടിച്ച പ്രതിസന്ധി തരണം ചെയ്യുന്നതിലേക്ക് ഭൂപരിഷ്കരണ നിയമത്തിൽ വേണ്ട ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. ഇതു കൂടാതെ 1970നു ശേഷം നടത്തിയിട്ടുള്ള ചില ഇഷ്ടദാനങ്ങളും ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ട്.

2. വി.എസ്. ചാമുണ്ണി:

വി.എസ്. ചാമുണ്ണി വി.ജി. സുകുമാരന്റെ മകനാണ്. ആയതിനാൽ വി.ജി. സുകുമാരന്റെ കേസ്സുമായി ബന്ധപ്പെടുത്തി മാത്രമേ ഈ കേസ്സിലെയും മേൽ നടപടികൾ മുൻപോട്ട് കൊണ്ടുപോകാൻ സാദ്ധ്യമാകൂ. ഇതുകൂടാതെ ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ള ഏകദേശം പത്തോളം കുടിയാൻമാർ അവരുടെ കൈവശാവകാശത്തെ സംബന്ധിച്ച് ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത അപ്പീൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയാണ് വി.എസ്. ചാമുണ്ണി സറണ്ടർ ചെയ്യാനായി കാണിച്ചിട്ടുള്ളത്. ഈ കാരണങ്ങളാലാണ് പ്രസ്തുത സീലിംഗ് കേസ്സിലെ മേൽ നടപടികൾ നിർത്തിവച്ചിരിക്കുന്നത്.

3. വി.എസ്. കൃഷ്ണൻ:

ഈ കേസ്സിൽ 1.1.70.നു ശേഷം നടത്തിയിട്ടുള്ള ചില ദാനാധാരങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ടാണ് മേൽനടപടികൾ നിർത്തിവച്ചിരിക്കുന്നത്.

4. വി. എസ്. ഗോപാലൻ:

ഈ കേസ്സിൽ 1.1.70.നുശേഷം നടത്തിയിട്ടുള്ള ചില ദാനാധാരങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ടാണ് മേൽ നടപടികൾ നിർത്തിവച്ചിരിക്കുന്നത്.

5. വി.എസ്. വിജയരാഘവൻ:

വി.എസ്. വിജയരാഘവൻ വി. ജി. സുകുമാരന്റെ മകനാണ്. വി. എസ്. ചാമുണ്ണിയുടെ കേസ്സിൽ പറഞ്ഞിട്ടുള്ള കാരണങ്ങളെല്ലാം ഈ കേസ്സിനു ബാധകമാണ്. ആയതിനാലാണ് ഈ കേസിൻമേൽ നടപടികൾ നിർത്തിവച്ചിരിക്കുന്നത്.

സഹകരണ സംഘങ്ങൾ മുഖേന നൽകിയ വായ്പ

1170 [1864] ശ്രീ. വി.കെ. രാജൻ:

,, എം.കെ. കേശവൻ:

,, കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ സഹകരണ സംഘങ്ങൾ മുഖേന കൃഷിക്കാർക്ക് എത്ര സംഖ്യ വായ്പ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ സഹകരണസംഘങ്ങൾക്ക് പലിശ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1977-78-ൽ കൃഷിക്കാർക്ക് 54.55 കോടി രൂപാ വായ്പ അനുവദിച്ചിട്ടുണ്ട്. (ജൂലായിൽ തുടങ്ങി അടുത്ത ജൂണിൽ അവസാനിക്കുന്ന സഹകരണ വർഷത്തിന്റെ അടിസ്ഥാനത്തിലാണ് സഹകരണ സംഘങ്ങൾ കണക്കുകൾ സൂക്ഷിക്കുന്നത്.)

(ബി) 7.55 കോടി രൂപ ലഭിച്ചിട്ടുണ്ട്.

കൊച്ചുതോവാള കൺസ്യൂമർ സ്റ്റോറുകൾ

1171 [1865] ശ്രീ. സി.എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലുള്ള കൊച്ചുതോവാള കൺസ്യൂമർ സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇതിന് എത്ര ബ്രാഞ്ചുകൾ ഉണ്ടായിരുന്നു; അവ എവിടെയെല്ലാം പ്രവർത്തിച്ചിരുന്നു. ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഈ സംഘത്തിന് ഗവൺമെന്റിൽനിന്നും ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക; ഇപ്പോൾ ഈ സംഘത്തിന്റെ മൂലധനം, ധനസഹായവും സംഘത്തിന്റെ മോശമായ നടത്തിപ്പുമൂലം തീർന്നതായി പറയുന്നതു ശരിയാണോ;

(ഡി) ഈ സംഘത്തിന്റെ ഡയറക്ടർമാരിൽനിന്ന് നഷ്ടപ്പെട്ട തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) കൊച്ചുതോവാള ഹെഡ്ക്വാർട്ടേഴ്സിൽ ഒരു സ്റ്റോറും, പുളിയന്മലയിൽ ഒരു മാംസ്റ്റി റൂം ഷോപ്പും ഉണ്ടായിരുന്നു. ഇപ്പോൾ അവ രണ്ടും പ്രവർത്തനരഹിതമാണ്.

(സി) മൂലധനവും ധനസഹായവും ഉൾപ്പെടെ ഈ സംഘത്തിന് ആകെ 21.025 രൂപ നൽകിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും സംഘത്തിന്റെ മോശമായ നടത്തിപ്പുമൂലം. നഷ്ടപ്പെട്ടിട്ടുണ്ട്.

(ഡി) സഹകരണസംഘം നിയമമനുസരിച്ച് ചുമതലപ്പെട്ടവരിൽ നിന്നും നഷ്ടം ഈടാക്കാൻ നടപടി എടുക്കുന്നതാണ്.

കരം സ്വീകരിക്കാത്തതിന്റെ കാരണം

1172 [1866] ശ്രീ. സി.എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ പെരുവന്താനം വില്ലേജിൽപ്പെട്ട പളളിയങ്കാവിലെ മുപ്പത്തു കൃഷിക്കാർക്ക് ലാൻഡ് ബോർഡിൽകൂടി ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഇവരുടെ ഭൂമിക്കുള്ള കരം വില്ലേജ് ആഫീസിൽ സ്വീകരിക്കാത്തതിന്റെ കാരണമെന്താണ്;

(സി) ഉടനെ കരം സ്വീകരിക്കുവാൻ ഉത്തരവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly